പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ.1219

04.12.2014 ൽ
മറുപടിക്ക്

## നീർത്തടങ്ങൾ മണ്ണിട്ടു നികത്തലും പുറമ്പോക്ക് ഭൂമി കയ്യേറ്റവും.

ചോദ്യം
ശ്രീ.എളമരം കരീം :

ഉത്തരം
ശ്രീ .അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കോഴിക്കോട് ജില്ലയിൽ രാമനാട്ടുകര വില്ലേജ്, രാമനാട്ടുകര പഞ്ചായത്ത് ഒന്ന്, രണ്ട് വാർഡുകളിൽ ഉൾപ്പെട്ട പരുത്തിപ്പാറ, മൂർക്കനാട് പ്രദേശങ്ങളിൽ ചാലിയാർ തീരത്ത് വൻതോതിൽ നീർത്തടങ്ങളും മറ്റും മണ്ണിട്ടു നികത്തുന്നതും പുറമ്പോക്ക് ഭൂമി കയ്യേറുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | കോഴിക്കോട് ജില്ലയിൽ രാമനാട്ടുകര വില്ലേജിൽ മൂർക്കനാട് ഭാഗത്ത് നെൽവയലും തണ്ണീർത്തടവും മണ്ണിട്ട് നികത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇതു സംബന്ധിച്ച് എന്തെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടെങ്കിൽ അത് വിശദീകരിക്കാമോ ; | (ബി) | ഇത് സംബന്ധിച്ച് കരങ്കല്ലായ് - ചാലിപ്പാടം നെൽവയൽ സംരക്ഷണ സമിതി പരാതി സമർപ്പിച്ചിട്ടുണ്ട്. |
| (സി) | ഉണ്ടെങ്കിൽ സ്വീകരിച്ച നടപടികൾ വിശദമാക്കമോ ? | (സി) | പരാതിയുടെ അടിസ്ഥാനത്തിൽ രാമനാട്ടുകര വില്ലേജ് ഓഫീസർ സ്റ്റോപ്പ് മെമ്മോ നൽകുകയും പ്രസ്തുത വിവരം കോഴിക്കോട് ജില്ലാ കളക്ടറുടെ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം 2008 പ്രകാരമുള്ള നടപടികൾ ജില്ലാ കളക്ടർ സ്വീകരിച്ചിട്ടുണ്ട്.<br><br>സെക്ഷൻ ഓഫീസർ |